## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2982** **10-03-2025 - ൽ മറുപടിയ്ക്ക്**

## പാലാ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജലജീവൻ പദ്ധതി പ്രകാരം ആരംഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | പാലാ നിയോജകമണ്ഡലത്തിലുൾപ്പെട്ട 8 പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പാലാ നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടില്ല. മേൽ പദ്ധതിയിലെ കരാറുകാരെയും അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തോടെ വേണ്ട മുന്നൊരുക്കങ്ങൾ നടത്തി സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ആണ് മുന്നോട്ട് പോകുന്നത്. പുരോഗതിയെ ബാധിക്കുന്ന ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ അത് തിരുത്തി മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | പദ്ധതിയുടെ പുരോഗതി |
|---|---|---|
| 1 | പാക്കേജ് 1 &2 (പൊതു ഘടകങ്ങൾ) | 15 ശതമാനം പ്രവർത്തി പൂർത്തീകരിച്ചു. പാക്കേജ് 1 -1.43 കിലോമീറ്റർ പൈപ്പ് (1000mm DI)സപ്ലൈ ചെയ്തു. 828 മീറ്റർ പൈപ്പ് സ്ഥാപിച്ചു. ഫ്ലോട്ടിംഗ് പമ്പ് ഹൗസ്, ബൂസ്റ്റർ പമ്പ് ഹൗസ് ഇവയുടെ ഡിസൈനുകൾ അംഗീകാരം ലഭിച്ചു. 2 ശുദ്ധീകരണശാലയിലെ മണ്ണ് മാറ്റുന്ന പ്രവർത്തികൾ പൂർത്തീകരിച്ചു. റിസർവോയർ - ഫ്ലോർ സ്ലാബ് കാസ്റ്റിംഗ് പൂർത്തീകരിച്ചു. ക്ലാരിഫയർ 1 -ഫൗണ്ടേഷൻ പൂർത്തീകരിച്ചു .700 എംഎം DI ഗ്രാവിറ്റി മെയിൻ 6.00 കിലോമീറ്റർ സപ്ലൈ ചെയ്തു, 2.76 കിലോമീറ്റർ സ്ഥാപിച്ചു |
| 2 | കടനാട് | 22% പ്രവർത്തി പൂർത്തീകരിച്ചു. വിതരണ ശൃംഖലയ്ക്കായുള്ള 134.859 കിലോമീറ്റർ പൈപ്പ് സപ്ലൈ ചെയ്തു. 48.99 കിലോമീറ്റർ സ്ഥാപിച്ചു. റോഡ് പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിച്ചു. |
| 3 | രാമപുരം | 35% പ്രവർത്തി പൂർത്തീകരിച്ചു. വിതരണശൃംഖലയ്ക്കായുള്ള 191.08 കിലോമീറ്റർ പൈപ്പ് സപ്ലൈ ചെയ്തു. 136.474 കിലോമീറ്റർ സ്ഥാപിച്ചു. റോഡ് പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിച്ചു. ജലസംഭരണികളുടെ പ്രവർത്തികൾ ആരംഭിച്ചു. |
| 4 | ഭരണങ്ങാനം | 18% പ്രവർത്തി പൂർത്തീകരിച്ചു. മൂന്നെണ്ണം സർവീസ് റിസർവയർ ഡിസൈൻ ഡ്രോയിങ് അംഗീകാരം ലഭിച്ചു. ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ 63.4 കിലോമീറ്റർ പൈപ്പ് വിതരണം ചെയ്തു. 31.774 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചു .കയ്യൂർ ടാങ്കിന്റെ പണികൾ ആരംഭിച്ചു. റോഡ് പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിച്ചു. |
| 5 | മേലുകാവ് | വർക്ക് ഓർഡർ നൽകി കരാർ വയ്ക്കേണ്ടതുണ്ട്. |
| 6 | മൂന്നിലവ് | പ്രവർത്തി ആരംഭിച്ചു. |
| 7 | തലനാട് | 17 ശതമാനം പ്രവർത്തി പൂർത്തീകരിച്ചു. ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ 12.5 കിലോമീറ്റർ പൈപ്പ് വിതരണം ചെയ്തു. 11 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചു. |
| 8 | മീനച്ചിൽ | വർക്ക് ഓർഡർ നൽകി കരാർ വയ്ക്കേണ്ടതുണ്ട്. |
| 9 | തലപ്പലം | 40 ശതമാനം പ്രവർത്തി പൂർത്തീകരിച്ചു. ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ 20.79 കിലോമീറ്റർ പൈപ്പ് സപ്ലൈ ചെയ്തു, 7.955 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചു. പേരുപാറ ടാങ്കിന്റെ പ്രവർത്തികൾ 40% പൂർത്തീകരിച്ചു. |